പൂർത്തീകരിക്കുന്നതിനുള്ള കേന്ദ്ര-സംസ്ഥാന ധനസഹായം 75:25 എന്ന അനുപാതത്തിൽ ലഭിക്കുന്നതാണ്.

RGKA പദ്ധതിയിൽ ഉൾപ്പെടുത്തി സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 6-7 ഏക്കർ സ്ഥലം ലഭ്യമല്ലെങ്കിൽ ബ്ലോക്ക് പരിധിയിലുള്ള സർക്കാർ/ എയ്ഡഡ് സ്കൂൾ/ കോളേജ് കളിസ്ഥലങ്ങൾ, സ്കൂൾ/ കോളേജ് എന്നിവയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കേണ്ടത്. കൂടാതെ കായിക യുവജനകാര്യ വകുപ്പ് സ്മൈൽ പദ്ധതി പ്രകാരം സ്കൂളുകളിൽ കളിസ്ഥലം നിർമ്മിച്ച് നൽകിവരുന്നു. സ്കൂളുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനായി അപേക്ഷാ ഫോറം www.dsyakerala.gov.in എന്ന വെബ്സൈറ്റിൽ നിന്നോ, കായിക യുവജനകാര്യ ഡയറക്ടറേറ്റിൽനിന്നോ ലഭിക്കുന്നതാണ്. കളിസ്ഥല നിർമ്മാണത്തിന്റെ ആവശ്യകത (സ്കൂളിനാവശ്യമുള്ളത് എന്താണ്) അനുസരിച്ചാണ് തുക നിശ്ചയിക്കുന്നത്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് പൂർണ്ണമായ അപേക്ഷകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നു. കമ്മിറ്റി അംഗീകരിക്കുന്നവയ്ക്ക് സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് സ്റ്റേഡിയം പണിത് നൽകുന്നു.

(സി) വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് RGKA പദ്ധതി പ്രകാരം കളിസ്ഥലങ്ങളും, ഇൻഡോർ സ്റ്റേഡിയങ്ങളും നിർമ്മിച്ചു നൽകിയിട്ടില്ല.

(ഡി) വാമനപുരം മണ്ഡലത്തിൽപ്പെടുന്ന ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കല്ലറ, നെല്ലനാട് ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽനിന്ന് ലഭിച്ച അപേക്ഷ ബഹു. കായിക വകുപ്പുമന്ത്രി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉടൻ സംസ്ഥാനതല സമിതി യോഗം ചേർന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കഴിയുന്നതാണ്.

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ ഗാലറി നിർമ്മാണം

290 (3802) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ നിർമ്മാണം ആരംഭിച്ച സിന്തറ്റിക് ട്രാക്കിനായി സ്പോർട്ട്സ് വകുപ്പ് അനുവദിച്ച 4.60 കോടി രൂപയിൽ ഇപ്പോൾ നടക്കുന്ന നിർമ്മാണം കഴിച്ച്, ബാക്കി വരുന്ന തുക ഉപയോഗിച്ച് പ്രസ്തുത സ്ഥലത്ത് തന്നെ ഗാലറി നിർമ്മിക്കാൻ അനുവാദം നൽകുമോ; വിശദാംശം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണം ആരംഭിച്ചിട്ടില്ല. എന്നാൽ 8-11-2012 തീയതിയിലെ സർക്കാർ ഉത്തരവ് നം. 254/12/കാ.യു.വ. പ്രകാരം കാസർഗോഡ് തൃക്കരിപ്പൂർ നടക്കാവ് വലിയ കൊവ്വൽ മൈതാനിയിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് സ്ഥാപിക്കുന്നതിനായി 585 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം സിന്തറ്റിക് ഗ്രാസ് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിനായി 452 ലക്ഷം രൂപ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം 70 ശതമാനം ഇതിനകം പൂർത്തീകരിച്ചിട്ടുള്ളതായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം

291 (3803) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി ലഭ്യമാക്കുമോ;

(സി) നിലവിൽ പ്രസ്തുത പദ്ധതിക്ക് അംഗീകാരമില്ലെങ്കിൽ ആയത് ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

അമ്പിലേരിയിൽ ഇൻഡോർ സ്റ്റേഡിയം

292 (3804) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ അമ്പിലേരിയിൽ ഒരു ഇൻഡോർ സ്റ്റേഡിയം പണിയണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly